# പുരോഹിതപട്ടക്രമവും ദിവ്യബലിഗീതങ്ങളും

CHRISTIAN MUSICOLOGICAL SOCIETY of INDIA



# ഇതാ ഞാൻ

(1സാമു 3 :10)

christianmusicologicalsocietyofindia.com

# പ്രവേശനഗീതം

സ്വർഗ്ഗത്തിൻ വാതിൽ തുറന്നിതാ
സ്വർഗ്ഗീയദീപം പരന്നിതാ
മാനത്തിനാനന്ദ രാഗമായ്
മാലാഖമാരുടെ ഗാനമായ്

പാടുവിൻ മാനവരേ, മുദാ
ഭൂവനം സർവ്വ പ്രപഞ്ചമേ
നില്ക്കുന്നിതൾത്താര മുന്നിലായ്
നിത്യപിതാവിൻ പുരോഹിതൻ (ർ)

കർത്താവേ, നിൻ സുവിശേഷത്തിൽ
സത്യവിളംബരം ചെയ്യുവാൻ
നില്ക്കുമീ താവക ദാസനി(രി)ൽ
നിസ്തുല ദാനങ്ങളേകണേ.

*പ്രദക്ഷിണം അഴിക്കാലിങ്കലെത്തുമ്പോൾ മാതാപിതാക്കൾ അർത്ഥിയുടെ ശിരസ്സിൽ കൈകൾവച്ച് പ്രാർത്ഥിച്ച് അനുഗ്രഹിക്കുന്നു.*

*കാർമ്മികൻ ജനങ്ങൾക്ക് അഭിമുഖമായി ഇരിക്കുന്നു. ആർച്ചുഡീക്കൻ കാർമ്മികന്റെ വലതുവശത്തും സഹായ വൈദികൻ കാർമ്മികന്റെ ഇടതുവശത്തും നില്ക്കുന്നു.*

ആർച്ചുഡീക്കൻ: അഭിവന്ദ്യപിതാവേ, വൈദികപരിശീലനം പൂർത്തിയാക്കി അങ്ങയുടെ മുമ്പിൽ നില്ക്കുന്ന ഈ മ്ശംമ്ശാന (പേര്)ക്ക് പുരോഹിതപട്ടം നൽകി സഭയിലെ ശുശ്രൂഷയ്ക്കായി


christianmusicologicalsocietyofindia.com

നിയോഗിക്കണമെന്ന് അങ്ങയോടു ഞാൻ അഭ്യർത്ഥിക്കുന്നു.

മെത്രാൻ : നമ്മുടെ കർത്താവീശോമിശിഹാ ഈ ദാസനെ (ദാസരെ) അഭിഷേകം ചെയ്ത് അനുഗ്രഹിക്കട്ടെ.

സമൂ : ആമ്മേൻ.

*തുടർന്ന് പുരോഹിതാർത്ഥി കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തി വിശ്വാസപ്രഖ്യാപനം നട ത്തുന്നു.*

## വിശ്വാസപ്രതിജ്ഞ

## മുടി മുറിക്കുന്നു

*താഴെവരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ട് മെത്രാൻ പുരോഹിതാർത്ഥിയുടെ മുടി മുറി ക്കുന്നു.*

ആർച്ചുഡീക്കൻ: നിന്നിലുള്ള പാപഭാരം മുഴുവൻ മിശിഹാ നീക്കിക്കളയട്ടെ.

*അംശവടിയും മുടിയും മാറ്റുന്നു*

മെത്രാൻ : അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

സമൂഹം : ആമ്മേൻ.

മെത്രാൻ : ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

സമൂഹം : ആമ്മേൻ.

കാർമ്മി : സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, *(സമൂഹവും ചേർന്ന് ചൊല്ലുന്നു).....*

ആർച്ചുഡീക്കൻ: നമ്മുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.


christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

മെത്രാൻ : ഞങ്ങളുടെ കർത്താവായ ദൈവമേ ................
........................................ആധ്യാത്മികവരങ്ങളുടെ
ദാതാവും പിതാവും പുത്രനും പരിശുദ്ധാത്മാ
വുമായ സർവേശ്വരാ, എന്നേക്കും.

സമൂഹം: ആമ്മേൻ.

## ഒന്നാമത്തെ കാനോന

മെത്രാൻ : സൈന്യങ്ങളുടെ ദൈവമായ കർത്താവേ,
അങ്ങയുടെ ഭവനം എത്ര മനോഹരമാകുന്നു.
കർത്താവിന്റെ അങ്കണം കാണുവാൻ എന്റെ
ആത്മാവ് ആശിച്ചു കാത്തിരുന്നു.

## ഗീതം

എത്ര സമുന്നതമിന്നു പുരോഹിതാ,
നീ ഭരമേറ്റ വിശിഷ്ടസ്ഥാനം!

അഗ്നിമയന്മാർ ദിവ്യാരൂപീക-
ളായതിലത്ഭുതമാർന്നിടുന്നു.

കീർത്തിതനത്രേ ഗബ്രിയേലെന്നും
ശുദ്ധമിഖായേൽ പരമോന്നതനും
അവരുടെ സാർത്ഥകനാമംതന്നെ
തെളിയിക്കുന്നൊരു സത്യമിതല്ലോ.

എങ്കിലുമിന്നു പുരോഹിതനിരയോ-
ടവരെയെല്ലാം തുലനം ചെയ്താൽ
ദൈവികദൂതന്മാരവരണിയും
പദവികൾ നിതരാം നിസ്സാരങ്ങൾ.

*(സമൂഹവും ചേർന്ന് ചൊല്ലുന്നു)......*

1. സൈന്യങ്ങളുടെ ദൈവമായ കർത്താവേ,
അങ്ങയുടെ ഭവനം എത്ര മനോഹരമാകുന്നു.



christianmusicologicalsocietyofindia.com

2. കർത്താവിന്റെ അങ്കണം കാണുവാൻ
എന്റെ ആത്മാവ് ആശിച്ചുകാത്തിരുന്നു.

1. എന്റെ ഹൃദയവും ശരീരവും
ജീവനുള്ള ദൈവത്തെ പുകഴ്ത്തുന്നു.

2. കുരുവിയും ചെങ്ങാലിയും
പാർക്കുവാൻ കൂടു കണ്ടെത്തി.

1. പ്രതാപവാനായ കർത്താവേ,
അങ്ങയുടെ ബലിപീഠത്തിന്നരുകിൽ
അവ കുഞ്ഞുങ്ങളെ വളർത്തുന്നു.

2. എന്റെ രാജാവായ ദൈവമേ,
അങ്ങയുടെ ഭവനത്തിൽ വസിക്കുന്നവർ
എത്ര ഭാഗ്യവാന്മാരാകുന്നു.

1. അവർ എന്നും ഇടവിടാതെ
അങ്ങയെ പ്രകീർത്തിച്ചുകൊണ്ടിരിക്കും.

2. അങ്ങയുടെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവരും
അങ്ങയുടെ സഹായം ലഭിച്ചിട്ടുള്ളവരും
ഏറ്റവും ഭാഗ്യവാന്മാരാകുന്നു.

1. അവർ കടന്നുപോകുമ്പോൾ
വരണ്ട ഭൂമി ജലാശയമായി മാറും;
പുതുമഴയാൽ അതു പരിപുഷ്ടമാവുകയും ചെയ്യും.

2. അവരുടെ ശക്തി വർധിച്ചുവരുകയും
ദേവന്മാരുടെ ദേവനെ
സെഹിയോനിൽ അവർ കാണുകയും ചെയ്യും.

1. സൈന്യങ്ങളുടെ കർത്താവായ ദൈവമേ,
എന്റെ പ്രാർത്ഥന കേൾക്കണമേ.

2. യാക്കോബിന്റെ ദൈവമേ,
എന്നെ ചെവിക്കൊള്ളണമേ.


christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY of INDIA

1. രക്ഷകനായ ദൈവമേ,
ഞങ്ങളെ കടാക്ഷിക്കണമേ.

2. അങ്ങയുടെ അഭിഷിക്തന്റെ മുഖം
അങ്ങു തൃക്കൺപാർക്കണമേ.

1. അന്യസ്ഥലത്ത് ആയിരം ദിവസത്തേക്കാൾ
അങ്ങയുടെ അങ്കണത്തിൽ ഒരു ദിവസം
ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നു.

2. എന്തെന്നാൽ, നമ്മുടെ തുണയും രക്ഷയും
ദൈവമായ കർത്താവാകുന്നു.

1. അവിടുന്നു സഹായവും മഹത്വവും നല്കും:
പരിശുദ്ധമായി ജീവിക്കുന്നവർക്ക്
തന്റെ വരങ്ങൾ നിഷേധിക്കയില്ല.

2. പ്രതാപവാനായ ദൈവമേ,
അങ്ങിൽ ശരണപ്പെടുന്നവരെല്ലാം
ഭാഗ്യവാന്മാരാകുന്നു.

## ഗീതം

എത്ര സമുന്നതമിന്നു പുരോഹിതാ,
നീ ഭരമേറ്റ.... *(ശേഷവും)*

*പുരോഹിതാർത്ഥി ആർച്ച്ബിഷപ്പിനാൽ ആനയിക്കപ്പെട്ട് ആദ്യം ബലിപീഠത്തിന്റെ വലതുവശവും തുടർന്ന് മാമ്മോദീസാത്തൊട്ടിയും ചുംബിക്കുന്നു.*

മെത്രാൻ : പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

സമൂഹം : ആദിമുതൽ എന്നേക്കും ആമ്മേൻ.

മെത്രാൻ : സൈന്യങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ഭവനം എത്ര മനോഹരമാകുന്നു. കർത്താവിന്റെ അങ്കണം കാണുവാൻ എന്റെ ആത്മാവ് ആശിച്ചു കാത്തിരുന്നു.



christianmusicologicalsocietyofindia.com